

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പെരിങ്ങര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPTA/ P-4/1145/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 29/11/2023
ഇ-മെയിൽ:
dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിങ്ങര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ

എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTA/ P-4/1145/23

തീയ്യതി: 29/11/2023

പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ

വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സ്നിഗ്ദ്ധ എസ്.	ഡെപ്യൂട്ടി ഡയറക്ടർ	13-11-2023	20-11-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
13-11-2023	20-11-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അജ്മൽ എ.എസ്. ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരികുമാർ എം. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത റ്റി. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി.എൻ. ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.മാത്തൻ ജോസഫ്	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ. ജോസ് ഈപ്പൻ	സെക്രട്ടറി	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ഗണപതി എസ്.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	16-11-2022
ശ്രീമതി ജെനി ജോൺ	അസിസ്റ്റന്റ് സെക്രട്ടറി	17-11-2022	31-03-2023
ഡോ. സിനു എം.പോൾ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2022	27-08-2022
ഡോ. രഞ്ജിനി എം.യു.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	28-08-2022	11-01-2023
ശ്രീ. രാഗേഷ് ഗോകുൽ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	26-12-2022
ശ്രീമതി ആതിര ആർ.എൽ.	ഡയറി ഫാം ഇൻസ്ട്രക്ടർ	27-12-2022	31-03-2023
ഡോ. ഗോപിക എസ്.	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2022	31-03-2023
ഡോ. റൂൺ മറിയം മത്തായി	വെറ്റിനറി സർജൻ	01-04-2022	31-03-2023
ശ്രീ. നിസാം ഐ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	05-10-2022

ശ്രീമതി സീമ കെ.എസ്.	അസിസ്റ്റന്റ് എഞ്ചിനീയർ	06-10-2022	31-03-2023
ഡോ സുരേഷ് കുമാർ വി	മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	01-04-2022	31-03-2023
ശ്രീ .സുജിത്ത് എസ് എസ്	കൃഷി ഓഫീസർ	01-04-2022	31-03-2023
ശ്രീ .അജിമോൻ പി ഡി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1	01-04-2022	31-03-2023
ശ്രീ.രാഗേഷ് കുമാർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II	01-04-2022	31-03-2023
ശ്രീ .വിജി സേവ്യർ	ഹെഡ്മാസ്റ്റർ	01-04-2022	31-03-2023
ഡോ. ജയചന്ദ്രൻ പി	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2022	31-03-2023
ശ്രീമതി.ശില്പ പ്രദീപ്	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	31-03-2023
ശ്രീമതി.സിന്ധു ജിങ്കാ ചാക്കോ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	12-01-2023	31-03-2023

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	കാഷ് ഫ്ലോ സ്റ്റേറ്റ്മന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-2
4	കാലഹരണപ്പെട്ട നിക്ഷേപങ്ങൾ റെവന്യൂ ഹെഡിലേക്ക് മുതൽ കൂട്ടിയില്ല	1-1-3
5	ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല	1-1-4
6	Liability In Respect Of Stale Cheques- തുക ക്രമീകരിച്ചില്ല	1-1-5
7	Beneficiary Contribution-ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുകയ്ക്ക് കൃത്യതയില്ല	1-1-6
8	നിക്ഷേപ പ്രവൃത്തികൾ- ബാലൻസ് തുകയുടെ കൃത്യത ഉറപ്പാക്കയിട്ടില്ല	1-1-7
9	ചെലവുകൾ ശരിയായ ശീർഷകത്തിൽ ബുക്ക് ചെയ്തില്ല	1-1-8
10	തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല	1-1-9
11	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-10
12	ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല	1-1-11
13	ബജറ്റ്	1-2
14	സാമ്പത്തിക വിശകലനം	1-3
15	ഗ്രാന്റ് വിനിയോഗം-സ്റ്റേറ്റ്മന്റിലെ അപാകതകൾ	1-4-1
16	ഗ്രാന്റ് വിനിയോഗം	1-4
17	പദ്ധതി അവലോകനം	1-5

18	തൊഴിലുറപ്പ് പദ്ധതി	1-6
19	ക്ഷേമ പദ്ധതികൾ	1-7
20	ക്യാഷ് ബാലൻസ് പരിശോധന	1-8
21	ആഭ്യന്തര നിയന്ത്രണം	1-9
22	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
23	തനത് വിഭവ സമാഹരണം- അവലോകനം	1-11
24	ബജറ്റ് മാന്വൽ നിർദ്ദേശങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കൽ -ഗുരുതരമായ നിയമലംഘനം	1-12
25	രസീതുബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ	1-13
26	വാടക പിരിവ്-അപാകങ്ങൾ	1-14
27	തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല	1-15
28	ലൈസൻസ് ഫീസ് പിരിവ് ചട്ട പ്രകാരമല്ല	1-16
29	പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിക്കുന്നു	1-17
30	മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക-2,14,812 രൂപ	1-18
31	ഇ-ടെണ്ടർ ഫീസ് തിരികെ ഈടാക്കിയിട്ടില്ല	1-19
32	വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകങ്ങൾ	1-20
33	ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ്-16000 രൂപ തിരികെ ലഭിച്ചില്ല	1-21
34	കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല	1-22
35	ഹോമിയോ മരുന്നുകൾ ലഭിക്കാൻ ശേഷിക്കുന്നു	1-23
36	പൊതു ടാപ്പുകളുടെ വെള്ളക്കരം - പഞ്ചായത്തിന് ലക്ഷങ്ങളുടെ ബാധ്യത	1-24
37	നെൽവിത്ത് വിതരണം-സബ്സിഡി തുക പാടശേഖരസമിതിയ്ക്ക് നൽകി	1-25
38	ലൈഫ് ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു	1-26

39	നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല; തുടർ നിരീക്ഷണം അനിവാര്യം	1-27
40	നിക്ഷേപ പ്രവൃത്തികൾ- തിരികെ ലഭിച്ച തുക അക്കൗണ്ടിൽ അവശേഷിക്കുന്നു	1-28
41	സ്മാർട്ട് അങ്കണവാടി നം.95 - മരാമത്ത് ജോലികൾ; എസ്റ്റിമേറ്റോ സാങ്കേതികാനുമതിയോ ഇല്ലാതെ നടപ്പാക്കി	1-29
42	വിനിയോഗം കുറവ്-മെയിന്റനൻസ് ഗ്രാന്റ് 79 ലക്ഷം രൂപ ലാപ്സായി	1-30
43	സംയുക്ത പദ്ധതിൾക്ക് ലഭിച്ച തുക വിനിയോഗിച്ചില്ല; തുക തിരിച്ചടയ്ക്കണം	1-31
44	റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ കുറവ്	1-32
ഭാഗം 2		
1	റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ കുറവ് - 25432.32/- രൂപയുടെ വരവ് നഷ്ടം	2-1
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ	4-7
8	ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9

10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4 ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേ നിർദ്ദേശങ്ങളും അനുസരിച്ച് 30-06-2023 ലെ 22(1)-ാം നമ്പർ കമ്മി തയ്യാറാക്കി 06-07-2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വ പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻ വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താ ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിന അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എ

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മ അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്തു നടപ്പിലാ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്ത തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുക ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്ത വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭി അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വ അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വ അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണ ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന് വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വ

പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തി
സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ, ജില്ല ഓഡി
29.11.2023 പത്തനംതിട്ട

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 62പ്രകാരമുള്ള കണക്ക് (Ratios), സെക്രട്ടറിയുടെ കുറിപ്പുകൾ (Notes On Accoun കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ പത്രികയിലെ ആകെ കാഷ് ഫ്ലോയും അതേ പത്ര നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase I ആയി രേഖപ്പെടുത്തിയിരിക്കുന്നത് 14,22,471 രൂപയാണ്. എന്നാൽ ഇ കാലയളവിൽ "Net Cash Generated By Operating+Investing+Fina രേഖപ്പെടുത്തിയിരിക്കുന്നത് 1,06,07,896 രൂപയാണ്. അംഗീകരി സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാ സമർപ്പിച്ച സ്റ്റേറ്റ്മന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ റെവന്യൂ ഹെഡി കൂട്ടിയില്ല

ഷെഡ്യൂൾ ബി-7: Deposits Received- കാലഹരണപ്പെട്ട തുകകൾ റെവ കൂട്ടിയില്ല.

1-1-4 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖ

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് എന്നീ വരുമാനം എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. സോഫ്റ്റ്വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായ

1-1-5 Liability In Respect Of Stale Cheques- തുക ക്രമീകരിച്ചില്ല

ഷെഡ്യൂൾ ബി-9: Other Liabilities- Liability In Respect Of Stale C
ചെയ്തിരിക്കുന്ന തുക കൃത്യമായ ഹെഡിൽ ക്രമീകരിക്കേണ്ടതാണ്.

1-1-6 Beneficiary Contribution-ബാധ്യതയായി രേഖപ്പെടുത്തി തുകയ്ക്ക് കൃത്യതയില്ല

ഷെഡ്യൂൾ ബി-4: Beneficiary Contribution- മുൻവർഷങ്ങളി
അവശേഷിക്കുന്ന തുക ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്
ഇല്ലാത്തതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിച്ച്

1-1-7 നിക്ഷേപ പ്രവൃത്തികൾ- ബാലൻസ് തുകയുടെ ക ഉറപ്പാക്കയിട്ടില്ല

ഷെഡ്യൂൾ ബി-18: Loans, Advances, Deposits- നിക്ഷേപ പ്രവൃത്തികൾക്ക
ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ നീക്കിയിരി
പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ/രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-8 ചെലവുകൾ ശരിയായ ശീർഷകത്തിൽ ബുക്ക് ച

ഷെഡ്യൂൾ I-14 (B): അങ്കണവാടി അധിക വേതനം (ജി.ഒ. പ്രോജക്ട് പ
റീപേയ്മെന്റ് ഹെഡിൽ തെറ്റായി ബുക്ക് ചെയ്തു.

1-1-9 തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള വരവ് ചെലവ് കണക്കും വാർഷ
14(F), I-6 എന്നിവ പ്രകാരമുള്ള വരവ് ചെലവ് കണക്കും തമ്മിൽ അന്ത

1-1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പര
ആസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കു
രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

1-1-11 ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാ
ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്
ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കു
സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ

നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് രേഖപ്പെടുത്തുന്നതു്.

1-2 ബജറ്റ്

5369613 രൂപ മുന്നിരിപ്പും 196442742 രൂപ വരവും 195592342 രൂപ ചെലവും 62
പ്രതീക്ഷിക്കുന്ന ബജറ്റ് 26.03.2022 തീയതിയിലെ 1(1) നമ്പർ തീരുമാന
പരിഷ്കരിച്ച ബജറ്റ് 01.02.2023 തീയതിയിലെ 12(1)- നമ്പർ തീരുമാനപ്രകാരം

1-3 സാമ്പത്തിക വിശകലനം

	റസീപ്റ്റ് & പേയ്മെന്റ് പ്രകാരം	ഇൻകം & എക്സ്പെൻഡിച്ച പ്രകാരം
മുന്നിരിപ്പ്	3,34,50,846	
ഓഡിറ്റ് വർഷത്തെ വരവ്	4,28,59,743	13,51,01,7
ആകെ വരവ്	7,63,10,589	
ഓഡിറ്റ് വർഷത്തെ ചെലവ്	4,14,37,272	13,29,63,9
നീക്കിയിരിപ്പ്	3,48,73,317	

1-4-1 ഗ്രാന്റ് വിനിയോഗം-സ്റ്റേറ്റ്മന്റിലെ അപാകത

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ, വിവിധ വിഭാഗങ്ങള്
കുറവ് ചെയ്ത തുക വരവിൽ(അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. ര
ചേർക്കുന്നു.

ഫണ്ട്	ഇനം (സോഴ്സ് ഡിഡക്ഷൻ)	വരവ് തുക
വികസന ഫണ്ട്-ജനറൽ	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	2,62,5
,,	അങ്കണവാടി അധിക വേതനം	10,51,2
വികസന ഫണ്ട്-എസ്.സി.പി	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	4,19,9

കുറിപ്പ്:- ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) ചെലവ് എ.സി.ആർ. എന്നിവയുമായി 59,160 രൂപയുടെ വ്യത്യാസമുണ്ട്. മാർ തുക, ഏപ്രിൽ 2023 ലാണ് അടച്ചിട്ടുള്ളത്. ആ വ്യത്യാസമാണ് നിലനി

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ് (അലോട്ട്മെന്റ് ലഭിച്ചത്)	ആകെ	ചെലവ്	
വികസന ഫണ്ട്-ജനറൽ	ഇല്ല	1,55,10,000	1,55,10,000	1,49,19,097	
വികസന ഫണ്ട്-എസ്.സി.പി	,,	41,02,000	41,02,000	37,52,821	
വികസന ഫണ്ട് റ്റി.എസ്..പി	,,	Xx	Xx	Xx	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	16,42,896	40,46,000	56,88,896	6,79,813	
,, (ക്യാരി ഓവർ വിഹിതം)	--	22,24,200	22,24,200	--	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)	11,70,549	26,97,000	40,41,667	14,24,913	
	പലിശ	174118			
,, (ക്യാരി ഓവർ വിഹിതം)	ഇല്ല	317235	317235	280252	
മെയിന്റനൻസ് ഗ്രാന്റ്- റോഡ്	,,	1,03,69,000	1,03,69,000	40,00,462	
മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ്	,,	48,15,000	48,15,000	32,82,137	
ഹെൽത്ത് ഗ്രാന്റ്	,,	5,02,654	5,02,654	--	
സാക്ഷരത	23,413	638	24,051	--	
ശുചിത്വ മിഷൻ	26,51,190	1,50,000	28,01,190	11,98,580	
വിമുക്തി	34,920	--	34,920	4,000	

ലൈഫ്-സംസ്ഥാന വിഹിതം	--	65,60,000	65,60,000	2,40,649	
ലൈബ്രറി ഗ്രാന്റ്	--	11,640	11,640	11,640	
സാക്ഷരത	23,413	638	24,051	--	
സമ്പൂർണ്ണ ശുചിത്വം	84,000	--	84,000	--	
ഐ.സി.ഡി.എസ്.	3,78,210	8,25,464	12,03,674	69,495	
എം.ജി.എൻ. ആർ.ജി.എസ്	3,655	3,74,32,599	3,74,36,254	3,65,26,655	
പൈക്ക	101992	--	101992	--	

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്ത (എണ്ണം)
158	10,06,99,002	102	4,21,59,051	56

2022-23-ൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വി

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	വക ത്ത തു
1	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	10	9	51,
2	സെക്രട്ടറി	25	16	46,
3	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	4	2	14,
4	മെഡിക്കൽ ഓഫീസർ, ആയുർവേദം	4	4	12,

5	ഫീഷറീസ് സബ് ഇൻസ്പെക്ടർ	3	1	3,
6	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	23	16	4,52,
7	അസിസ്റ്റന്റ് സെക്രട്ടറി	8	7	15,
8	കൃഷി ഓഫീസർ	5	4	1,35,
9	ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	8,
10	അസിസ്റ്റന്റ് എഞ്ചിനീയർ	62	30	2,42,
11	വെറ്റിനറി സർജൻ	7	7	13,
12	ഹെഡ്മാസ്റ്റർ	2	1	5,
13	മെഡിക്കൽ ഓഫീസർ, ഹോമിയോ	3	3	5,
	ആകെ	**158**	**102**	**10,06,**

1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വര താഴെ ചേർക്കുന്നു-

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്
ഭരണ ചെലവുകൾ	3655	3178673	3182328	2272729
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	--	34253926	34253926	34253926
ആകെ	3655	37432599	37436254	36526655

ഭരണ ചെലവുകളുടെ വരവ് ചെലവ് കണക്കിൽ പഞ്ചായ അഡ്വാൻസും ആയതിന്റെ റീകൂപ്മെന്റും ഉൾപ്പെടുന്നു.

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളു
താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്ക എണ്ണം
കർഷകതൊഴിലാളി പെൻഷൻ	7,321,800	584
വിധവാപെൻഷൻ	8201400	712
വാർദ്ധക്യകാല പെൻഷൻ	20,512,200	1784
മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	2,827,400	222
അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	301,200	25
തൊഴിൽരഹിത വേതനം	-	-

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാര പരിശോധന 15.11.2023 ന് 4.00 PM ന് സ്ഥാപനത്തിലെ ഉത്തരവാ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 34348 രൂപ (മുപ്പത നാല്പത്തിയെട്ട്) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം മേഖലകളിലുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം വിലയിര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ട

1) ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിലെ 20-11-2023 തീയതിയിലെ 273 ഫയലുകൾ തീർപ്പാക്കുവാൻ ബാക്കിയുണ്ട്. ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ട്. ഫയലുകൾ തീർപ്പാക്കുന്

ഒഴിവാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുകയും ഓ
നടപ്പിലാകുന്നുണ്ടോ പ്രസിഡന്റും ഭരണസമിതിയും
വരുത്തേണ്ടതുമാണ്.

2) **<u>മോണിറ്ററിംഗ് ഫലപ്രദമാകുന്നില്ല</u>**

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ
കൃത്യമായി മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ്
കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെല
സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട്
സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇ
സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രൊജക
റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മോണിറ്ററിംഗ് സംബന്ധിച്ച വി
ഗ്രൂപ്പ് മിനുട്ടിൽ രേഖപ്പെടുത്തുന്നില്ല.

3) <u>വരുമാന വർദ്ധനവ്</u>

തനത് വരുമാനവർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്
പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ ധനകാര്യ
സ്വീകരിക്കേണ്ടതാണ്.

4) <u>ആസ്തി രജിസ്റ്റർ – അപാകത</u>

ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും റോഡ് ഒഴികെയുള്ള മറ്റു
ആസ്തി രജിസ്റ്റർ പരിശോധനയാക്ക് ഹാജരാക്കിയില്ല. മറ്റുള്ള അ
വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല . കൂടാതെ പുതുത
റോഡുകൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത
ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടില്ല. റോഡുകളുടെ ആസ്തി
സൃഷ്ടിക്കപ്പെട്ടത് ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. ആസ്തി ക
നിർദ്ദേശങ്ങൾ ധാരാളം ഉത്തരവുകളിലൂടെ സർക്കാർ നൽകിയിട്ടും
ഗുരുതരമായ വീഴ്ച്ചയാണ്. ആസ്തികൾ കാലികമാക്കി
ഹാജരാക്കേണ്ടതാണ് .
അപാകങ്ങൾ പരിഹരിക്കുന്നതിനു അടിയന്തിര നടപടി കമ്മിറ്റി സ

5) <u>ഗ്രാമസഭാ പ്രവർത്തനം</u>

ഗ്രാമസഭകളിൽ ജന പങ്കാളിത്തം കുറവായത് കാരണം നിയമപരമാ
ഗ്രാമ സഭകൾ കൂടുന്നത്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3A,
ഗ്രാമസഭകളുടെ അധികാരങ്ങളും ചുമതലകളും അവകാശ
നടപ്പിലാകുന്നില്ല. ഗ്രാമസഭാ മിനുട്ട്സുകൾ കൺവീനർമാർ സാ
മേയ് മാസത്തിലാണ് എല്ലാ വാർഡുകളിലും ഗ്രാമസഭ അവസാ
ഗ്രാമസഭ കൂടുന്നതിലും, മിനുട്ട്സ് തയ്യാറാക്കുന്നതിലും,

നിർവ്വഹിക്കുന്നതിലും ഗ്രാമസഭാ കൺവീനർമാർ വീഴ്ച് വരുത്തിയിട്ട

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റ
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	സെപ്റ്റംബർ 2017	2012-13 മുതൽ 2016-17 വരെ	3
പെർഫോമൻസ് ഓഡിറ്റ്	06.07.2022 മുതൽ 07.07.2022 വരെ	01.22 മുതൽ 03.22 വരെ	1

1-11 തനത് വിഭവ സമാഹരണം- അവലോകനം

ഭൂപ്രകൃതിയിലും കാലാവസ്ഥയിലും ഒട്ടേറെ പ്രത്യേകതകൾ നിറഞ്ഞ, താഴെ വെള്ളക്കെട്ടുകൾ നിറഞ്ഞ അപ്പർ കുട്ടനാട് മേഖലയിലെ ഒരു ഗ്രാ ഗ്രാമപഞ്ചായത്ത്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിലും ഈ സർക്കാർ ഗ്രാന്റിനു പുറമെ വസ്തു നികുതി, തൊഴിൽ നികുതി, ലൈസ തുടങ്ങിയ വരവിനങ്ങൾ ഉൾപ്പെട്ടതാണ് ഗ്രാമപഞ്ചായത്തിന്റെ തനതു വ വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനത കണ്ടെത്തേണ്ടതുണ്ട്.

തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കു പരിധിക്കുള്ളിൽ ആയത് സമാഹരിക്കുന്നതിലുമുള്ള ധനകാര്യ സ്റ്റാന്റ ലെ 33ം നമ്പർ തീരുമാനത്തിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത അംഗീകാരത്തോടെ നടപ്പിലാക്കുന്നതിനായുള്ള തുടർനടപടികൾ സ ഭാഗമായി നിശ്ചിത കാലയളവിൽ ഫീൽഡ് പരിശോധന നടത്തി അ ക്രമവൽക്കരണം നടത്തുന്നതിനും പിഴ ഈടാക്കുന്നതിനും വേണ്ട നടപ നിശ്ചിത ഇടവേളകളിൽ വിവിധയിനം നികുതി/നികുതിയേതര വര പിരിവ് പുരോഗതി അവലോകന യോഗങ്ങൾ നടത്തുന്നില്ല.

കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവയാണ് പഞ്ചായത്തിന്റെ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലായി 768 കെട്ടിടങ്ങളാണ് വസ്തുന ഉൾപ്പെട്ടിട്ടുള്ളത്.

വിവിധ തനത് വരവുകളുടെ ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ വാർഷിക ചുവടെ ചേർക്കുന്നു.

ക്രമ നം.	വരവിനം	ഡിമാന്റ്	കളക
1	വസ്തുനികുതി	6780892	

2	തൊഴിൽ നികുതി	1958050	
3	ലൈസൻസ് ഫീസ്	437500	(അഡ
4	കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ്	147750	
5	വാടക	53548	

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാർ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തത് മൂലം എല്ലാ സ്ഥ എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പിക്കാൻ സാധിക്കുന്നില്ല. തൊഴ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി

വസ്തു നികുതി പരിഷ്കരണം

05.04.2023 ലെ സ.ഉ .നം.25/2023/തസ്വഭവ പ്രകാരം ഗ്രാമപഞ്ചായത്ത കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി 01.04. പുതുക്കിയ പരിധിയിൽ നിന്ന് ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു ലെ 4(1)- ാം തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം അനുസരിച്ചു അപ്ലോഡ് ചെയ്ത് അപ്ഡേഷൻ നടത്തി പുതിയ നിരക്കിലുള്ള നി പുതുക്കിയ നിരക്കുകൾ പ്രകാരം സേവന നികുതി ഈടാക്കുന്നതിന് തീ

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയു ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിക്കേണ്ട പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ട ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാ എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടി നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും നികുതിയായി ഈടാക്കേണ്ടതുമാണ്.

ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമാഹരിച്ചിട്ടുണ്ടന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാനവശേഷിക്കുന്നില്ലെ കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്. സാധ്യമായ എല്ലാവഴികളും സ്വീക വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന

1-12 ബജറ്റ് മാന്വൽ നിർദ്ദേശങ്ങൾ പാലിക്കാതെ ബജറ്റ് ത -ഗുരുതരമായ നിയമലംഘനം

ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തെ ബജറ്റ് തയ്യാറാക്ക പാലിക്കാതെയാണ്. ഗ്രാമ പഞ്ചായത്തുകൾ അതാത് സാമ്പത്തിക വ മുമ്പായി തൊട്ടടുത്ത വർഷത്തേക്കുള്ള ബജറ്റ് പാസാക്കിയി 3291/16/LSGD തീയതിഃ 2-12-2016 പ്രകാരമുള്ള ബഡ്ജറ്റ് മാന്വവലിൽ ബ പാലിക്കേണ്ട നടപടിക്രമങ്ങൾ, ശ്രദ്ധിക്കേണ്ട മേഖലകൾ/വിഷയങ്ങ പ്രതിപാദിച്ചിട്ടുണ്ട്.

ക്രമനം	ഇനം	സമയ
1	നോൺ പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ആവശ്യപ്പെടൽ	ഡിസ 15 ന് മ
2	നോൺ പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടക സ്ഥാപനങ്ങൾ സമർപ്പിക്കൽ	ജനുവ ന് മുന
3	ക്രോഡീകരണത്തിനായി വിവിധ സ്റ്റാൻറ്റിംഗ് കമ്മിറ്റികൾ ചേരൽ	ജനുവ ന് മുന
4	ധനകാര്യ സ്റ്റാൻറ്റിംഗ് കമ്മിറ്റിയിൽ പ്രപ്പോസലുകൾ വയ്ക്കൽ, ക്രോഡീകരണം	ഫെബ്ര 22 ന് മ
5	ധനകാര്യ സ്റ്റാൻറ്റിംഗ് കമ്മിറ്റിയിൽ കരട് ബജറ്റ് നിർമ്മാണംഅംഗീകരിക്കൽ,വിവിധ സ്റ്റാൻറ്റിംഗ് കമ്മിറ്റികളിൽ നിന്നുള്ള നോൺ പ്ലാൻ പ്രപ്പോസലുകൾ,പദ്ധതി കണക്കുകൾ , ജനറൽ കമ്മിറ്റി അംഗീകരിച്ച മേഖലാ വിഭജന കണക്കുകളും ഉപയോഗിച്ച്.	മാർച്ച് മുമ്പ്
6	കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ.	മാർച്ച് മുമ്പ്
7	അന്തിമ ബജറ്റ് അംഗീകരിക്കുന്നതിനായി പ്രത്യേക	മാർച്ച് മുമ്പ്

	പഞ്ചായത്ത് കമ്മിറ്റി ചേരൽ.	

മേൽ പറഞ്ഞ നടപടികളിൽ നിന്നും ലഭിക്കുന്ന പദ്ധതി - പദ്ധതി വിവരങ്ങൾ വിശകലനം ചെയ്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിശ്ച സ്റ്റേറ്റ്മെൻറ്, ബജറ്റ് ഷെഡ്യൂളുകൾ എന്നിവ തയ്യാറാക്കേണ്ടതാണ്. നടപടികളും ബജറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് പെരിങ്ങര പാലിച്ചിട്ടില്ല. 2022-23 വർഷത്തേക്കുള്ള കരട് ബജറ്റിന്മേൽ തയ്യാറാക്ക നടത്തിയിട്ടില്ല. ബജറ്റ് സ്റ്റേറ്റ്മന്റ്, ബജറ്റ് ഷെഡ്യൂളുകൾ, ബജറ്റ് സ ഡോക്യുമെന്റ്, പെർഫോമൻസ് ബജറ്റ്, ജെൻഡർ ബജറ്റ് എന്നി മാനുവൽ നിർദ്ദേശ പ്രകാരമുള്ള ബഡ്ജറ്റ് തയ്യാറാക്കാത്തത് ഗ വിലയിരുത്തുന്നു.

1-13 രസീതുബുക്കുകളുടെ പരിപാലനത്തിലെ അപാക

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്ക ഉദ്യോഗസ്ഥർക്കും വിതരണം ചെയ്ത രസീതുബുക്കുകളുടെ പരിശോ അപാകങ്ങൾ ചുവടെ ചേർക്കുന്നു.
1.നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീതുബുക്കുകൾ സാ തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. (ഉദാ.ബുക്ക് നം.9195,91
2.സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിക്കുന്ന ചെയ്തു സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഉദാ.ബുക്ക് നം.9199 രസീത് നം.67 മുതൽ മേൽ സൂചിപ്പിച്ച അപാകങ്ങൾ തുടർവർഷങ്ങളിൽ ആവർത്തിക്കാതിരി

1-14 വാടക പിരിവ്-അപാകങ്ങൾ

2022-23 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്ത് വക കടമുറികൾ വാടക ബന്ധപ്പെട്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധ ചുവടെ ചേർക്കുന്നു.

ബൈലോ തയ്യാറാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ് , 1995 ലെ (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രക നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി നാളിതുവരെ സർ വാങ്ങിയിട്ടില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാട നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. കടമുറികള ബൈലോ തയ്യാറാക്കേണ്ടതും ബൈലോയിലെ വ്യവസ്ഥകൾ അനുസരിച്ച കടമുറികൾ വാടകയ്ക്ക് നൽകേണ്ടതുമാണ്.

നിയമപ്രകാരം കരാർ ചമയ്ക്കുന്നില്ല

കടമുറികൾ വാടകയ്ക്ക് എടുത്തിരിക്കുന്ന വാടകക്കാരുമായി ഗ്രാമ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നില്ല.വാടകക്കാരുമായി

ചമയ്ക്കുാതിരിക്കുന്നത് ഗുരുതരമായ അപാകതയാണ്. കടമുറി
ഉണ്ടാകുകയോ, വാടക അടവാക്കുന്നതിൽ കരാറുകാർ വീഴ്ച
ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കാൻ ഇതുമൂലം ഗ്രാമപഞ്ചാ
പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുന്നതിൽ 1996-ലെ പഞ്ചായത്ത്
വ്യവസ്ഥകൾ പാലിക്കേണ്ടതും കരാറുകാരെ കൊണ്ട് നിയമപ്രകാരമു
ആയതിന് സാക്ഷികൾ കൂടി ഒപ്പ് വച്ചിരിക്കേണ്ടതുമാണെന്ന് കേരള
ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സം
ഡയറക്ടറുടെ 18.01.2007-ലെ എച്ച്1-13880/06- നമ്പർ സർക്കുലറിൽ നിർദ്ദേ
ഒപ്പ് വച്ച ശേഷം ഇവ എഗ്രിമെന്റ് രജിസ്റ്ററിൽ ചേർത്ത് നമ്പരിട്ട് സൂക്ഷിക്കേ
ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനും വ്യവസ്ഥക
ചമയ്ക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-15 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊ
നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും ക
പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. പഞ്ചായത്ത് പ്രദേ
ഏർപ്പെട്ടിരിക്കുന്നവർ ഉൾപ്പെടെയുള്ള തൊഴിൽ നികുതി ഒടുക്കാ
സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന തൊഴിൽനികുതി രജിസ്റ്റർ, റിട്ടേണ
പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

**1. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന
ഈടാക്കിയിട്ടില്ല.**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അ
വ |
|---|---|---|
| 1 | പോസ്റ്റോഫീസ്, ആലുംതുരുത്തി | |
| 2 | മണലാടിൽ ഫ്യൂവൽസ് | |
| 3 | എസ്.എസ്.ഹ്യുണ്ടായ് | |
| 4 | ബി.എസ്.എൻ.എൽ, തിരുവല്ല | I |
| 5 | റേഷൻ കടകൾ | I |
| 6 | അക്ഷയ കേന്ദ്രങ്ങൾ | I |
| 7 | ഹെൽത്ത്കെയർ ലബോറട്ടറി, ചാത്തങ്കരി | I |
| 8 | ആക്യുറേറ്റ് ഡയഗ്നോസ്റ്റിക് സെന്റർ, പെരിങ്ങര | I |
| 9 | ഇൻഡ്യൻ ക്ലാസ്സിക്കൽ ആക്യുപംങ്ചർ, പെരുംതുരുത്തി | I |

10	ആർട്ടിഫിഷ്യൽ ഡെന്ററൽ മാനുഫാക്ചറിംഗ്, പെരിങ്ങര	I
11	ഡോയറ്റ് ഹൗസ് ആയുർവേദ ക്ലിനിക്, പെരുംതുരുത്തി	I
12	മെഡ് ലോഞ്ചസ് ഹെൽത്ത് കെയർ ലിമിറ്റഡ്	I

2. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനിക

ക്രമ നം	സ്ഥാപനത്തിന്റെ പേര്	അ വർ
1	റേഷൻ കടകൾ	I
2	മേപ്രാൽ ക്ഷീരോല്പാദക സഹകരണ സംഘം	I
3	ചാത്തങ്കരി ക്ഷീരോല്പാദക സഹകരണ സംഘം	I
4	ആലുംതുരുത്തി ക്ഷീരോല്പാദക സഹകരണ സംഘം	I
5	എസ്.ബി.ഐ, മേപ്രാൽ	
6	ബി.എസ്.എൻ.എൽ, തിരുവല്ല	I
7	അക്ഷയ കേന്ദ്രങ്ങൾ	I

3. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവാ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാ പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനു

2022-23 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ എറ്റെ തൊഴിൽ നികുതി അടവാക്കിയിട്ടില്ലെന്ന് രജിസ്റ്റർ പരിശോധിച്ചതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. മോൺസൺ ഐസക്

2. ജയൻ ടി.ജെ

3. മനോജ് ജോസഫ്

4. ജൂലി ജോസഫ്

5. സി.വി.മാത്യു

6. ജെയിംസ് തോമസ്

7. ജോർജ്ജ് വി.മാത്യു

8. ബെനീഷ് ടോം ബാബു

9. ഗോപീ കൃഷ്ണ

10. ബിനോയി വി.പി

മേൽപ്പറഞ്ഞ കരാറുകാർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപന അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുക ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

4.<u>സ്വയം തൊഴിൽ ചെയ്യുന്നവരിൽനിന്ന് നികുതി ഈടാക്കിയിട്ടില്ല</u>

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു പുറത്തോ വിവിധ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ പിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആധാരമെഴുത്തുകാർ, അ വാണിജ്യ വാഹന ഉടമകൾ, പത്ര ഏജന്റുമാർ തുടങ്ങി നികുതി ഒ വലിയൊരു വിഭാഗം ആളുകൾ നിലവിൽ തൊഴിൽനികുതി അടയ്ക്കാ നികുതി ഡിമാൻഡ് ചെയ്യാത്തതിനാലാണ്.

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വ

<u>1-16 ലൈസൻസ് ഫീസ് പിരിവ് ചട്ട പ്രകാരമല്ല</u>

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996ലെ കേരള പഞ്ചായത വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മ ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും തന്നെ പ്രവർത്തിക്കാൻ പാടില്ല. സഞ്ചയയിലെ ഡാറ്റ പ്രകാരം 786 വാ കെട്ടിടങ്ങൾ അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും 291 സ്ഥാപനങ്ങൾക്കാണ് അനുവദിച്ചിട്ടുള്ളത്. സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള സൂക്ഷിക്കുന്നില്ല.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/ 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രക ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ ഈടാക്കാവുന്നതാണെങ്കിലും ഗ്രാമപഞ്ചായത്ത് ഇപ്രകാരം ഈടാക്കു കൃത്യമായ വിവരം ശേഖരിച്ച് അവരുടെ തൊഴിൽ നികുതി, ലൈസൻസ ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ 3 ക്ഷീരോല്പാദക സംഘങ്ങൾ പ്രവർത്തിക പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്ന

വിവരം ചുവടെ ചേർക്കുന്നു.
1. മേപ്രാൽ ക്ഷീരോല്പാദക സഹകരണ സംഘം
2. ചാത്തങ്കരി ക്ഷീരോല്പാദക സഹകരണ സംഘം
3. ആലുംതുരുത്തി ക്ഷീരോല്പാദക സഹകരണ സംഘം

പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസ
എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും
പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർനടപട
ചെയ്യേണ്ടതാണ്. വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന
വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ
ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാന
